കേരള സർക്കാർ
തൊഴിലും നൈപുണ്യവും വകുപ്പ്

ലേബർ കമ്മീഷണറുടെ കാര്യാലയം
തൊഴിൽഭവൻ, വികാസ്ഭവൻ.പി.ഒ., തിരുവനന്തപുരം-695 033
Website: www.lc.kerala.gov.in, Email: labourpublicity@gmail.com

---

**പ്രസ്സ് റിലീസ്** **14.08.2017**

**ലേബർ പബ്ലിസിറ്റി ഓഫീസ്**
**ഫോൺ നമ്പർ : 0471 2783908**

---

## പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ
## തൊഴിലാളികൾക്ക് ഓണക്കിറ്റ്

തിരുവനന്തപുരം, ഇടുക്കി, പാലക്കാട് ജില്ലകളിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണത്തോടനുബന്ധിച്ച് ഓണക്കിറ്റ് വിതരണം ചെയ്യുന്നതിന് സർക്കാർ ഉത്തരവായി. ലേബർ കമ്മീഷണർ സമർപ്പിച്ച ശിപാർശ പരിഗണിച്ച സർക്കാർ പ്ലാന്റേഷൻ തൊഴിലാളികൾക്ക് പ്രത്യേകമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും കിറ്റിനുള്ള തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകുകയായിരുന്നു.

ഇതനുസരിച്ച് തൊഴിലും നൈപുണ്യവും വകുപ്പ് തിരുവനന്തപുരം, ഇടുക്കി, പാലക്കാട് ജില്ലകളിൽ പൂട്ടിക്കിടക്കുന്ന 12 തോട്ടങ്ങളിലെ 2464 റേഷൻകാർഡ് ഉടമകൾക്ക് 500 രൂപയുടെ ഓണക്കിറ്റ് വിതരണം ചെയ്യും.

പഞ്ചസാര, ശർക്കര, വറ്റൽമുളക്, കടലപ്പരിപ്പ്, ഭക്ഷ്യഎണ്ണ, തേയില എന്നീ ആറ് ഇനങ്ങൾ അടങ്ങുന്നതാണ് ഓണക്കിറ്റ്. പന്ത്രണ്ട് ലക്ഷത്തി മുപ്പത്തി രണ്ടായിരം രൂപ വിനിയോഗിച്ചാണ് സപ്ലൈകോ വഴി കിറ്റ് തയാറാക്കുന്നത്.

ലേബർ പബ്ലിസിറ്റി ഓഫീസർ

9846063499